**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 548** **05-10-2021 - ൽ മറുപടിയ്ക്ക്**

**നെല്ലിക്കുഴി കേന്ദ്രീകരിച്ച് ഫർണിച്ചർ ഹബ്ബ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | **Shri. P. Rajeeve**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | മരാധിഷ്ഠിത ഫർണിച്ചർ ഉല്പാദന വിപണന കേന്ദ്രമായ കോതമംഗലം മണ്ഡലത്തിലെ നെല്ലിക്കുഴിയിൽ പൊതു ഉടമസ്ഥതയിൽ ഒരു ഫർണിച്ചർ പാർക്ക്/ഹബ്ബ് സ്ഥാപിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | അഞ്ഞൂറിലധികം ഉല്പാദന കേന്ദ്രങ്ങളും ആലുവ-മൂന്നാർ റോഡിന് ഇരുവശത്തുമായി ചെറുതും വലുതുമായ ഇരുന്നൂറ്റിയൻപതിലധികം വിപണന കേന്ദ്രങ്ങളും പ്രവർത്തിക്കുന്ന നെല്ലിക്കുഴി പൊതു ജനങ്ങളുടെ ആരോഗ്യപരമായ ജീവിതം ഉറപ്പാക്കി വിപുലീകരിക്കേണ്ടതിന്റെ ആവശ്യകത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട് |
| (സി) | അൻപതിനായിരത്തിൽ അധികം ജനസംഖ്യയും പതിനായിരത്തിൽ അധികം വരുന്ന അതിഥി തൊഴിലാളികളും അധിവസിക്കുന്ന നെല്ലിക്കുഴിയിൽ നിന്നും സംസ്ഥാനത്തിനകത്തും അയൽ സംസ്ഥാനങ്ങളിലേക്കും ഫർണിച്ചർ എത്തിക്കുന്ന സാഹചര്യവും ഇവിടെയുള്ള നിർമ്മാണയൂണിറ്റുകൾ, ഷോപ്പുകൾ എന്നിവ കണക്കിലെടുത്തും കേന്ദ്രീകൃത ഉല്പാദന കേന്ദ്രവും സംഭരണ കേന്ദ്രവും പൊതു ഉടമസ്ഥതയിൽ സ്ഥാപിച്ച് നെല്ലിക്കുഴി കേന്ദ്രീകരിച്ച് ഫർണിച്ചർ ഹബ്ബ് ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കാമോ? | (സി) | കോതമംഗലം താലൂക്കിലെ നെല്ലിക്കുഴി ആസ്ഥാനമായി മരാധിഷ്ഠിത ഫർണിച്ചർ ഹബ്ബ് രൂപീകരിക്കുന്നതി നാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനായി കോതമംഗലം എം.എൽ.എ. അദ്ധ്യക്ഷനും പഞ്ചായത്ത് പ്രസിഡൻറ് വൈസ് ചെയർമാനുമായി ഒരു സബ്കമ്മിറ്റി 2017-ൽ രൂപീകരിക്കുയുണ്ടായി. എന്നാൽ പ്രസ്തുത ഹബ്ബ് ആരംഭിക്കുന്നതിനുള്ള ഉചിതമായ സ്ഥലം കണ്ടെത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ